**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 9** **16-09-2025 - ൽ മറുപടിയ്ക്ക്**

**എല്ലാ ജില്ലകളിലും മെഡിക്കൽ കോളേജുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ. സി. മൊയ്തീൻ ,**<br>**ശ്രീമതി യു പ്രതിഭ ,**<br>**ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ,**<br>**ശ്രീ. ടി.ഐ.മധുസൂദനൻ** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ സംസ്ഥാനത്ത് എത്ര മെഡിക്കൽ കോളേജുകളാണ് ഉണ്ടായിരുന്നതെന്ന് അറിയിക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം മെഡിക്കൽ കോളേജുകളും നഴ്സിംഗ് കോളേജുകളും എല്ലാ ജില്ലകളിലും വരത്തക്കവിധം പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പുതുതായി 4 മെഡിക്കൽ കോളേജുകൾ പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്. വിദ്യാർത്ഥി പ്രവേശനം സാധ്യമായ 9 മെഡിക്കൽ കോളേജുകളാണ് ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ഉണ്ടായിരുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇടുക്കി, കോന്നി എന്നീ മെഡിക്കൽ കോളേജുകളിൽ എൻ.എം.സി അംഗീകാരം ലഭ്യമാക്കുകയും 100 വീതം എം.ബി.ബി.എസ് സീറ്റുകളിൽ 2022 മുതൽ വിദ്യാർത്ഥി പ്രവേശനം ആരംഭിക്കുവാൻ സാധിച്ചു. കാസർഗോഡ്, വയനാട് ജില്ലകളിൽ മെഡിക്കൽ കോളേജിന് ഈ വർഷം അനുമതി ലഭ്യമാക്കുന്നതിന് ആവശ്യമായ ക്രമീകരണങ്ങൾ ഈ സർക്കാരിന്റെ കാലത്ത് ഒരുക്കുകയും എൻ.എം.സി -യുടെയും യൂണിവേഴ്സിറ്റിയുടെയും പരിശോധനകൾ നടത്തുകയും 50 എം.ബി.ബി.എസ് സീറ്റുകൾ വീതം നാഷണൽ മെഡിക്കൽ കമ്മീഷനിൽ നിന്ന് അംഗീകാരം ലഭ്യമാവുകയും 2025-26 അധ്യയന വർഷം വിദ്യാർത്ഥി പ്രവേശനം സാധ്യമാക്കാനും കഴിഞ്ഞു. നിലവിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 4 മെഡിക്കൽ കോളേജുകൾ ഉൾപ്പെടെ ആകെ 14 മെഡിക്കൽ കോളേജുകൾ സംസ്ഥാനത്ത് പ്രവർത്തിച്ച് വരുന്നുണ്ട്. |

| | | | |
|---|---|---|---|
| (ബി) | സംസ്ഥാനത്തെ എല്ലാ ജില്ലകളിലും മെഡിക്കൽ കോളേജ് സ്ഥാപിക്കാൻ കഴിഞ്ഞുവെന്ന നേട്ടം കൈവരിക്കുവാൻ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിയതെന്ന് വിശദമാക്കാമോ; | (ബി) | സംസ്ഥാനത്തെ എല്ലാ ജില്ലകളിലും മെഡിക്കൽ കോളേജ് സ്ഥാപിക്കാൻ ആവശ്യമായ കെട്ടിട നിർമാണങ്ങളും, മെഡിക്കൽ കോളേജിന്റെ പ്രവർത്തനത്തിന് ആവശ്യമായ അധ്യാപക, അനധ്യാപക തസ്തികകളും സൃഷ്ടിക്കുകയുണ്ടായി. ഇത്തരത്തിൽ മെഡിക്കൽ കോളേജിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളെല്ലാം ഓരോ മെഡിക്കൽ കോളേജിലും ഒരുക്കിക്കൊണ്ട് വരുന്നു.<br><br>കോന്നി മെഡിക്കൽ കോളേജിൽ നടപ്പിലാക്കിയ നിർമ്മാണ പ്രവർത്തികൾ ചുവടെ ചേർക്കുന്നു.<br><br>• 140 കോടി രൂപ മുടക്കി 300 കിടക്കകളുള്ള ആശുപത്രിയും അക്കാദമിക് ബ്ലോക്കും നിർമ്മിച്ചു.<br><br>• 351 കോടി രൂപ മുടക്കി മെഡിക്കൽ കോളേജിന്റെ രണ്ടാം ഘട്ട വികസന പ്രവർത്തനങ്ങൾ നടത്തി വരുന്നു.<br><br>കാസറഗോഡ് മെഡിക്കൽ കോളേജിൽ നടപ്പിലാക്കിയ നിർമ്മാണ പ്രവർത്തികൾ ചുവടെ ചേർക്കുന്നു.<br><br>• 30 കോടി രൂപയോളം മുടക്കി മെഡിക്കൽ കോളേജിൽ അക്കാദമിക് ബ്ലോക്ക് പ്രവർത്തന ക്ഷമമാക്കി, 95 കോടി രൂപയുടെ ആശുപത്രി ബ്ലോക്ക് പണിയുന്നതിന് ഭരണാനുമതി നൽകുകയും അതിന്റെ 55% വർക്കുകൾ പൂർത്തിയാക്കുകയും ചെയ്തു. 36 കോടി രൂപ മുടക്കി മെഡിക്കൽ കോളേജിൽ ഗേൾസ് ഹോസ്റ്റലും ടീച്ചിംഗ് ക്വാർട്ടേഴ്സും നിർമ്മിച്ചു കൊണ്ടിരിക്കുന്നു. 160 കോടി രൂപയുടെ മെഡിക്കൽ കോളേജ് വികസന പദ്ധതികൾക്ക് കിഫ്ബി മുഖേന ഭരണാനുമതി നൽകി.<br><br>ഇടുക്കി മെഡിക്കൽ കോളേജിൽ നടപ്പിലാക്കിയ നിർമ്മാണ പ്രവർത്തികൾ ചുവടെ ചേർക്കുന്നു.<br><br>• 75 കോടിയോളം രൂപ മുടക്കി മെഡിക്കൽ കോളേജിലെ ഹോസ്പിറ്റൽ ബ്ലോക്ക് നിർമ്മിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തി വരുന്നു<br><br>• 18 കോടിയോളം രൂപ മുടക്കി മെഡിക്കൽ കോളേജിലെ റോഡ് ആൻഡ് പ്രൊട്ടക്ഷൻ വർക്സ് നടത്തുന്നു.<br><br>വയനാട് മെഡിക്കൽ കോളേജിൽ നടത്തിയ നിർമ്മാണ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു. |

| | | | |
|---|---|---|---|
| | | | • പുതുതായി നിർമ്മിച്ച കെട്ടിടത്തിൽ അക്കാഡമിക് ബ്ലോക്ക് ഒരുക്കുകയും മെഡിക്കൽ കോളജിനായി 10 കോടി രൂപ ഫണ്ട് ലഭ്യമാക്കുകയും ടി തുകയുപയോഗിച്ച് മെഡിക്കൽ കോളേജിൽ MBBS അഡ്മിഷൻ നടത്തുന്നതിനുള്ള നടപടികൾ ചെയ്തു വരികയും ചെയ്യുന്നു.<br>• മെഡിക്കൽ കോളേജുകൾക്കാവശ്യമായ അദ്ധ്യാപക-അദ്ധ്യാപകേതര തസ്തികകൾ സൃഷ്ടിക്കുകയും, NMC അംഗീകാരം ലഭ്യമാക്കുകയും ചെയ്തു. |
| (സി) | അനുമതി ലഭിച്ച മെഡിക്കൽ കോളേജുകളിൽ അടുത്ത വർഷം തന്നെ പഠന പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള പശ്ചാത്തല-സാങ്കേതിക സൗകര്യങ്ങൾ ക്രമീകരിക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (സി) | പ്രവർത്തന അനുമതി ലഭിച്ച മെഡിക്കൽ കോളേജുകളിൽ ഈ വർഷം തന്നെ പഠന പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള പശ്ചാത്തല സാങ്കേതിക സൗകര്യങ്ങൾ ക്രമീകരിക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. കൂടുതൽ ആവശ്യമുള്ള പശ്ചാത്തല സാങ്കേതിക സൗകര്യങ്ങൾ ഉറപ്പാക്കുന്നതിനുള്ള നടപടികൾ തുടർന്നു കൊണ്ടിരിക്കുന്നു. |
| (ഡി) | നിലവിൽ സംസ്ഥാനത്ത് എത്ര എം. ബി. ബി. എസ്. സീറ്റുകളാണ് ഉള്ളത്; പുതിയ മെഡിക്കൽ കോളേജുകൾ കൂടി പ്രവർത്തനക്ഷമമാകുന്നതോടെ സർക്കാർ മേഖലയിൽ മാത്രം എത്ര സീറ്റുകൾ ലഭ്യമാകും; വിശദമാക്കാമോ? | (ഡി) | നിലവിൽ സംസ്ഥാനത്ത് സർക്കാർ മേഖലയിൽ 1855 എം.ബി.ബി.എസ് സീറ്റുകൾ ലഭ്യമാണ്.(പുതിയ മെഡിക്കൽ കോളേജുകളായ കാസർഗോഡ്, വയനാട് 50+50=100 ഉൾപ്പെടെ)<br>സ്വാശ്രയ - സ്വകാര്യ മേഖലയിൽ നിലവിൽ 2800 എംബിബിഎസ് സീറ്റുകളാണുള്ളത്. ഈ വർഷം ഈ മേഖലയിൽ വിവിധ കോളേജുകളിലായി നാളിതുവരെ 450 സീറ്റുകൾക്ക് കൂടി നാഷണൽ മെഡിക്കൽ കമ്മീഷനിൽ നിന്നും ലെറ്റർ ഓഫ് പെർമിഷൻ ലഭ്യമായിട്ടുണ്ട് |

സെക്ഷൻ ഓഫീസർ